ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അത് ഞാൻ പറഞ്ഞുകഴിഞ്ഞു. നമ്പ്യാരുടെ റെക്കമെൻറേഷനിൽ അങ്ങനെ പല കാര്യങ്ങളും ഉണ്ട്. അതെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: ചില സ്ഥലങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൂർണ്ണമായ പരാജയമുണ്ട്. ചില സ്ഥലങ്ങളിൽ നൂറു ശതമാനം വിജയവും ഉണ്ട്. എങ്കിലും ഈ പൂർണ്ണമായ പരാജയമുള്ള സ്ഥലങ്ങളിൽ എന്തെങ്കിലും പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തി അവിടത്തെ സ്റ്റാൻറാർഡ് ഉയർത്താൻ റിപ്പോർട്ടിൽ വല്ല റെക്കമെൻറേഷനും ഉണ്ടോ; അതനുസരിച്ചുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പുനഃസംഘടനയോടുകൂടി ജില്ലാ ലവലിലുള്ള ഉദ്യോഗസ്ഥൻമാർക്കും എ. ഇ. ഒ. മാർക്കും ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ സാധിക്കും. ആ അടിസ്ഥാനത്തിൽ അധ്യയനനിലവാരം ഉയർത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഓരോ ഓഫീസുകളുടെയും അതിർത്തിയിൽ ഉള്ള സ്കൂളുകളുടെ എണ്ണം വർദ്ധിച്ചതുകൊണ്ട് എ.ഇ.ഒ. മാർക്ക് തക്കസമയത്ത് സ്കൂൾ പരിശോധിക്കാൻ സാധിക്കുന്നില്ല. അതു കൊണ്ട് അതിനുവേണ്ടി പ്രത്യേകമായി ഒരു ഇൻസ്പെക്ഷൻ വിംഗ് ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പ്രത്യേകമായ ഇൻസ്പെക്ഷൻ വിംഗിൻെറ ആവശ്യമില്ല. എ.ഇ.ഒ. ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വർക്ക്ലോഡ് കുറയ്ക്കണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്. 50–75 എന്നുള്ളത് 50–60 സ്കൂളുകളാക്കി ചുരുക്കാനാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

## റൂംസ് റിവിഷൻ കമ്മിറ്റി

*3 [5] ശ്രീ. സ്റ്റീഫൻ പാദുവ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ശങ്കരനാരായണൻതമ്പി ചെയർമാനായി ഗവൺമെൻറ് നിയമിച്ച റൂംസ് റിവിഷൻ കമ്മിറ്റി സമർപ്പിച്ച ശുപാർശകളിൽ എത്ര എണ്ണത്തിൽ അവസാന തീരുമാനം എടുത്തിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണം നടപ്പാക്കിക്കഴിഞ്ഞു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് റൂംസിൽ അവസാനതീരുമാനമെടുത്തിട്ടുണ്ട്. മറ്റുള്ളവയിൽ അവസാനതീരുമാനമെടുക്കാൻവേണ്ട നടപടികളും എടുത്തുവരുന്നു.

(ബി) ഒന്ന്



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: നടപ്പിലാക്കിയതുകഴിച്ചുള്ള ശുപാർശകൾ കഴിയുന്നതും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനുള്ള ശ്രമം നടത്തുന്നുണ്ട്. ചില ശുപാർശകളെപ്പറ്റിയുള്ള തീരുമാനമെടുക്കാൻ കുറച്ചു കാലതാമസം ഉണ്ടായിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിനുതന്നെ അറിയാം. എത്രയും പെട്ടെന്ന് അതിനെപ്പറ്റി ഒരു തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: കമ്മിറ്റി എത്ര ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ചാണോ തീരുമാനമെടുക്കുന്നത്. സാമ്പത്തിക ബാധ്യതയുടെ പേരിലാണോ തീരുമാനം വൈകിക്കൊണ്ടുപോകുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: 8 റൂട്ടുകളെ സംബന്ധിച്ചാണ് കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളത്. ഇതിൽ പലതും പല ഡിപ്പാർട്ടുമെന്റുകളും ചർച്ചചെയ്തു തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. പ്രധാനമായും ഫിനാൻസ് ഡിപ്പാർട്ടുമെന്റും ലാ ഡിപ്പാർട്ടുമെന്റും ആയിട്ട് ആലോചിക്കേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങളിൽ പബ്ലിക് സർവീസ് കമ്മീഷനുമായിട്ട് കൺസൾട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനുപുറമെ ചില കാര്യങ്ങളും നടപ്പിലാക്കുമ്പോൾ സാമ്പത്തിക ബാദ്ധ്യതയും ഉണ്ട്. ഇതെല്ലാം കാലതാമസത്തിന് കാരണവുമാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: സാമ്പത്തിക ബാദ്ധ്യതയില്ലാത്ത കാര്യങ്ങളിൽ തീരുമാനമെടുക്കാൻ വൈകിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരു പ്രധാന കാരണം ഞാൻ ഈ പറഞ്ഞതാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളും ഈ ശുപാർശകളും പ്രോസസ് ചെയ്യാനുണ്ടാകുന്ന കാലതാമസമാണ്. ആ കാലതാമസം തീർച്ചയായും ഒഴിവാക്കേണ്ടതാണെന്ന് ഞാൻ സമ്മതിക്കുന്നു. അടുത്തകാലത്ത് സർവീസ് സംഘടനകളും ഒരു പ്രക്ഷോഭണത്തിന് ഇറങ്ങിയപ്പോൾ ഈ പ്രശ്നവും അതിനകത്ത് ഒരു വിഷയമായിരുന്നു. അന്ന് ഇതു സംബന്ധിച്ച് അവരുമായി ചർച്ചനടത്തുകയും തുടർന്ന് സർവീസ് സംഘടനകളുമായി ആലോചിച്ച് എത്രയും പെട്ടെന്ന് തീരുമാനമെടുക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഒരു നിലവാരംവരെ രാഷ്ട്രീയ പ്രവർത്തനം അനുവദിക്കുന്നതുസംബന്ധിച്ച് റിപ്പോർട്ടിലെ ശുപാർശയെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അതിൻമേൽ ഗവൺമെന്റ് എന്ത് തീരുമാനമാണ് എടുക്കാൻ പോകുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. ഗൗരവമായ ഒരു ചർച്ച നടത്തി അതിനെപ്പറ്റി ഒരു തീരുമാനം എടുക്കേണ്ടിയിരിക്കുകയാണ്.

ശ്രീ. പി ബി ആർ. പിള്ള: റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണ്. അതിൽ ചിലത് നടപ്പിലാക്കിയെന്നു പറഞ്ഞു. സർവീസ് സംഘടനകളുമായി ആലോചിച്ച് യോജിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണോ ഗവൺമെന്റുഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: താഴെ പറയുന്ന റൂട്ടുകൾക്കുള്ള പരിഷ്ക്കാരനിർദ്ദേശങ്ങളാണ് ശങ്കരനാരായണൻ തമ്പി കമ്മിറ്റി റിപ്പോർട്ടു ചെയ്തത്.

(1) Kerala House Building Advance Rules.
(2) Government Employees Medical (Attendance) Rules.
(3) Kerala State and Subordinate Service Rules.
(4) Kerala Civil Services (Discipline and Appeal) Rules.
(5) Government Servants Conduct Rules.
(6) Kerala General Provident Fund Rules.
(7) Kerala Civil Services (DCR benefit) Rules.
(8) Kerala Service Rules (Parts I and II).

ഇതിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് റൂൾസിനെ സംബന്ധിച്ച ശുപാർശ ഗവൺമെന്റ് പരിഗണിച്ച് അവസാനരൂപംകൊടുത്ത് ജി. ഒ. ആയി ഇഷ്യൂ ചെയ്തുകഴിഞ്ഞു. മറ്റു വിവിധ ശുപാർശകളും വിവിധ ഡിപ്പാർട്ടുമെന്റ് സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ചിലത് ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. അങ്ങനെ പല സ്റ്റേജിൽ ഇരിക്കുകയാണ്. ഈ ശുപാർശകളും എത്രയും പെട്ടെന്ന് സെക്രട്ടറിമാരുടെ കമ്മിറ്റി പ്രോസസ് ചെയ്തുകഴിഞ്ഞാൽ ഉടൻ തന്നെ സർവീസ് സംഘടനകളുമായി ചർച്ചചെയ്യുന്നതാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: കാലതാമസത്തിനുള്ള ഒരു കാരണം സാമ്പത്തികബാദ്ധ്യതയാണെന്നുപറഞ്ഞു. ഈ ശുപാർശകളും പൂർണ്ണമായി നടപ്പിലാകുമ്പോൾ എന്തുമാത്രം സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എല്ലാ ശുപാർശകളെ സംബന്ധിച്ചും ഒരു തീരുമാനമെടുത്ത് നടപ്പിലാക്കിക്കഴിഞ്ഞാൽ എന്തു സാമ്പത്തിക ബാദ്ധ്യതയാണുവരുക എന്നുള്ളതിനെ സംബന്ധിച്ച് ഒരു അസസ്മെന്റ് നടത്തിക്കഴിഞ്ഞിട്ടില്ല.

## Steps taken to safeguard the fixed income group from inflation

*4 [6] **Sri M. Ramappa:** Will the Chief Minister be pleased to state:

The steps taken to safeguard the fixed income group of people from the effect of inflation?

*Chief Minister* **(Sri P. K. Vasudevan Nair):** Government have taken steps for the distribution of essential commodities through the public distribution system. Besides, Government servants are allowed Dearness Allowance periodically, taking into account the increase in the cost of living index. Regarding industrial labourers, generally they are allowed variable D. A. based on the cost of living index.



LIBRARY ARCHIVES Kerala Legislative Assembly